**നേപ്പാള് പ്രസിഡണ്ടിന്റെ  ഔദ്യോഗിക ഇന്ത്യാ സന്ദര്ശനം ( 17-21, ഏപ്രില്, 2017)**

ഏപ്രില് 12, 2017

1. നേപ്പാള് പ്രസിഡണ്ട് റൈറ്റ്. ഹോണറബിള് ബിദ്യ ദേവി ഭണ്ഡാരി, ആദരണീയനായ ഇന്ത്യന് രാഷ്ട്രപതി ശ്രീ പ്രണബ് മുഖർജിയുടെ ക്ഷണം സ്വീകരിച്ച്  ഔദ്യോഗിക സന്ദർശനത്തിനായി ഏപ്രില് 17-21, 2017 ല് ഇന്ത്യയില്  എത്തുന്നു

2. ഒക്ടോബർ 2015 ല്  പ്രസിഡണ്ടായി സ്ഥാനം ഏറ്റെടുത്തതിന് ശേഷം ഇതാദ്യമായാണ് നേപ്പാള് പ്രസിഡണ്ട് ഔദ്യോഗിക സന്ദർശനം നടത്തുന്നത് .ചരിത്രപരവും ജനങ്ങള് തമ്മിലുള്ള ശക്തമായ ബന്ധങ്ങളും കൊണ്ട്  കാലങ്ങളായി  ഉടലെടുക്കപ്പെട്ട ഇന്ത്യ-നേപ്പാള്  തമ്മിലുള്ള വിശിഷ്ടവും , വിശാലമായ തലത്തിലുള്ള പങ്കാളിത്തം , കൂടുതല് ശക്തമാക്കുവാനുള്ള മുൻഗണനയെ പ്രതിഫലിപ്പിക്കുന്നതായിരിക്കും  വരാനിരിക്കുന്ന സന്ദർശനം

3. സന്ദർശനത്തിന്റെ ഭാഗമായി നേപ്പാള് പ്രസിഡണ്ട് ,ഇന്ത്യയുടെ രാഷ്ട്രപതി, ഉപരാഷ്ട്രപതി , പ്രധാനമന്ത്രി എന്നിവരുമായി കൂടിക്കാഴ്ച നടത്തും. നേപ്പാള് പ്രസിഡണ്ടുമായി കേന്ദ്രവിദേശകാര്യമന്ത്രിയും  മറ്റ് മന്ത്രിമാരും കൂടിക്കാഴ്ച നടത്തും. ന്യൂഡെൽഹിയിലെ ഔദ്യോഗിക കാര്യങ്ങൾക്ക്  പുറമെ , നേപ്പാള് പ്രസിഡണ്ട് ഗുജറാത്തും ഒഡീഷയും സന്ദർശിക്കും. ഇരു രാജ്യങ്ങൾക്കുമിടയില് നിലനിൽക്കുന്ന  നിരന്തരമായ ഉന്നതതല സന്ദര്ശന പാരമ്പര്യത്തിന്റെ  ഭാഗമായിട്ടാണ് നടക്കാനിരിക്കുന്ന ഈ സന്ദർശനം, ഇത് ഇന്ത്യക്കും  നേപ്പാളിനും ഇടയില് നിലനിൽക്കുന്ന ഊഷ്മളമായ സഹകരണ ബന്ധങ്ങളെ കൂടുതല് ശക്തമാക്കും

ന്യൂഡെൽഹി
ഏപ്രില് 12, 2017